**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2360** **21-06-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ഖരമാലിന്യ ശേഖരണം ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ആലുവ മണ്ഡലത്തിലെ കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിന് ഖരമാലിന്യ ശേഖരണത്തിനായി സ്വന്തമായി സ്ഥലമുണ്ടായിട്ടും പ്രസ്തുത സ്ഥലത്ത് ഖരമാലിന്യ ശേഖരണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | കാഞ്ഞൂർ പഞ്ചായത്തിന് MCF പണിയുന്നതിന് ഒരു വ്യക്തി 5 സെന്റ് സ്ഥലം സൗജന്യമായി രജിസ്റ്റർ ചെയ്ത് തന്നിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 2023-2024 ൽ MCF കെട്ടിട നിർമ്മാണത്തിന് പ്രൊജക്ട് തയ്യാറാക്കിയിരുന്നു. എന്നാൽ പ്രസ്തുത പ്ലോട്ടിലേക്കുള്ള പ്രവേശന മാർഗ്ഗം നിലവിൽ 2 മീറ്ററും അതിൽ താഴെയുമാണ്. ഈ വഴി പ്രദേശത്ത് പുറംമ്പോക്ക് ഉണ്ടോയെന്ന് അളന്ന് തിട്ടപ്പെടുത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എറണാകുളം ജില്ലാ കളക്ടർക്ക് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ആലുവ താലൂക്ക് സർവ്വേ ഓഫീസിൽ നിന്ന് 2000/- രൂപ ചെല്ലാൻ അടക്കുവാൻ നിർദ്ദേശിച്ചതിനാൽ 01.11.2023 ൽ ചെല്ലാൻ അടച്ചെങ്കിലും നാളിതുവരെ താലൂക്കിൽ നിന്ന് ടി വഴി അളക്കുവാൻ വന്നിട്ടില്ലാത്തതാണ്. ആയതിനാൽ 2023-2024 പ്രോജക്ട് ഉപേക്ഷിക്കുകയും 2024-2025 ൽ MCF പണിയുന്നതിന് പുതിയ പ്രോജക്ട് എടുത്തിട്ടുള്ളതുമാണ്. എന്നാൽ വഴി അളന്ന് തിട്ടപ്പെടുത്തി വലിയ വാഹനങ്ങൾ കയറുന്നതിന് ആവശ്യമായ വീതി ഉണ്ടെങ്കിൽ മാത്രമേ ഈ സ്ഥലത്ത് MCF കെട്ടിടം പണിയുവാൻ സാധിക്കുകയുള്ളൂ.<br><br>നിലവിൽ പഞ്ചായത്തിനോട് ചേർന്ന് ഒരു വ്യക്തിയുടെ സ്ഥലത്ത് താൽക്കാലിക MCF പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പഞ്ചായത്തിൽ എം.സി.എഫ്. പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | (ബി) | കാഞ്ഞൂർ പഞ്ചായത്തിന് MCF പണിയുന്നതിന് ഒരു വ്യക്തി 5 സെന്റ് സ്ഥലം സൗജന്യമായി രജിസ്റ്റർ ചെയ്ത് തന്നിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 2023-2024 ൽ MCF കെട്ടിട നിർമ്മാണത്തിന് പ്രൊജക്ട് തയ്യാറാക്കിയിരുന്നു. എന്നാൽ പ്രസ്തുത പ്ലോട്ടിലേക്കുള്ള പ്രവേശന മാർഗ്ഗം നിലവിൽ 2 മീറ്ററും അതിൽ താഴെയുമാണ്. ഈ വഴി |

| | | | | |
|---|---|---|---|---|
| | | | | പ്രദേശത്ത് പുറംമ്പോക്ക് ഉണ്ടോയെന്ന് അളന്ന് തിട്ടപ്പെടുത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എറണാകുളം ജില്ലാ കളക്ടർക്ക് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ആലുവ താലൂക്ക് സർവ്വേ ഓഫീസിൽ നിന്ന് 2000/- രൂപ ചെല്ലാൻ അടക്കുവാൻ നിർദ്ദേശിച്ചതിനാൽ 01.11.2023 ൽ ചെല്ലാൻ അടച്ചെങ്കിലും നാളിതുവരെ താലൂക്കിൽ നിന്ന് ടി വഴി അളക്കുവാൻ വന്നിട്ടില്ലാത്തതാണ്. ആയതിനാൽ 2023-2024 പ്രോജക്റ്റ് ഉപേക്ഷിക്കുകയും 2024-2025 ൽ MCF പണിയുന്നതിന് പുതിയ പ്രോജക്റ്റ് എടുത്തിട്ടുള്ളതുമാണ്. എന്നാൽ വഴി അളന്ന് തിട്ടപ്പെടുത്തി വലിയ വാഹനങ്ങൾ കയറുന്നതിന് ആവശ്യമായ വീതി ഉണ്ടെങ്കിൽ മാത്രമേ ഈ സ്ഥലത്ത് MCF കെട്ടിടം പണിയുവാൻ സാധിക്കുകയുള്ളൂ.<br><br>നിലവിൽ പഞ്ചായത്തിനോട് ചേർന്ന് ഒരു വ്യക്തിയുടെ സ്ഥലത്ത് താൽക്കാലിക MCF പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ